745315

**D 140781** **(Pages : 2)** **Name.......................................**

**Reg. No....................................**

## FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2026

(B.A./B.Sc.)

Malayalam

MAL4A10—MALAYALA SAHITHYAM - IV

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

### Section A

I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

1 മാരാരുടെ കുരുക്ഷേത്രം ആരുടെ കൃതിയാണ് ?

2 അഹം ബ്രഹ്മാസ്മി എന്ന ദർശനത്തിന് തുല്യമായി സൂഫിസത്തിൽ കാണുന്നതെന്ത് ?

3 ജൂഠൻ എന്ന ആത്മകഥ മലയാളത്തിൽ ഏത് പേരിലാണ് വിവർത്തനം ചെയ്തത് ?

4 മജീദ് ഏത് നോവലിലെ കഥാപാത്രമാണ് ?

5 ശ്രീനാരായണഗുരു ഏകാന്തധ്യാനം നടത്തിയത് എവിടെയാണ് ?

6 അനുഭവങ്ങൾ എന്ന നോവലിലെ ഭ്രാന്തൻ കഥാപാത്രത്തിന്റെ പേരെന്ത് ?

7 തീറ്റയുടെ ജനാധിപത്യത്തെ അവതരിപ്പിക്കുവാൻ എം.എൻ. കാരശ്ശേരി ബഷീറിന്റെ ഏത് നോവലിലെ കഥാസന്ദർഭത്തെയാണ് ഉദ്ധരിക്കുന്നത് ?

8 മുസ്തഫ എന്ന പേരിന്റെ അർത്ഥമെന്താണ് ?

9 ഒരു സന്ദേശം ഉത്ഭവകേന്ദ്രത്തിൽ നിന്നും പ്രാപ്യകേന്ദ്രത്തിലേക്ക് സഞ്ചരിക്കുന്ന മാധ്യമത്തിന് പറയുന്ന പേരെന്ത് ?

10 വ്യക്തിനാമപഠനങ്ങൾ എന്ന ലേഖനം ഏത് കൃതിയിൽ നിന്നും എടുത്തതാണ് ?

11 സാഹിത്യത്തിലൂടെയും കലയിലൂടെയും ലഭിക്കുന്നത് സൗന്ദര്യാത്മക വിദ്യാഭ്യാസമാണെന്ന് അഭിപ്രായപ്പെട്ടതാര് ?

12 എം.കെ. സാനുവിന്റെ ആത്മകഥയുടെ പേരെന്ത് ?

13 അംഗവിക്ഷേപങ്ങളിലൂടെ ആശയവിനിമയം നടത്തുന്ന പാഠശാഖയുടെ പേരെന്ത് ?

14 സ്വാതന്ത്ര്യത്തിന്റെ ഉദ്ഘാടകൻമാരായി എം. ഗോവിന്ദൻ കാണുന്നത് ആരെയൊക്കെയാണ് ?

15 ജാല്യത, വേഗത, പ്രാധാന്യത എന്നിവയുടെ ശുദ്ധ പദങ്ങൾ എഴുതുക.

(15 × 2 = 30,marks 25)

**Turn over**

745315

745315



## Section B

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16 അറിവിന്റെ ഫലങ്ങൾ എന്ന ഉപന്യാസത്തിന്റെ പ്രമേയങ്ങൾ എന്തെല്ലാം ?

17 അഞ്ചാം ക്ലാസ്സിന് ശേഷം തുടർന്ന് പഠിക്കുന്നതിനുള്ള സാഹചര്യം ഓം പ്രകാശിന് നഷ്ടപ്പെടുന്നതെങ്ങനെ ?

18 പേരിന്റെയും പേരിടൽ ചടങ്ങിന്റെയും പിന്നിൽ നിലനിൽക്കുന്ന ഉപാധികൾ എന്തെല്ലാം ?

19 എം.കെ. സാനു ശ്രീനാരായണഗുരുവിന്റെ ജിവിതദർശനമായി കാണുന്നതെന്തിനെയാണ് ?

20 നന്തനാർ കഥകളുടെ ജീവസ്പന്ദനങ്ങളായി കണക്കാക്കുന്നതെന്തൊക്കെയാണ് ?

21 സങ്കേതനം എന്നാൽ എന്ത് ?

22 വൃത്താന്തസിദ്ധാന്തം എന്നാൽ എന്ത് ?

23 മാതൃഭാഷയെ ഇന്ന് ലോകം കാണുന്നതെങ്ങനെയാണ് ?

(8 × 5 = 40, marks 35)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 ഗോപി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

25 സ്വാതന്ത്ര്യപ്രഖ്യാനമാണ് മനുഷ്യകുലത്തിന്റെ വളർച്ചയുടെ അടിസ്ഥാനഘടകം എന്ന് എം. ഗോവിന്ദൻ വിലയിരുത്തുന്നതെങ്ങനെ ?

26 ശ്രീനാരായണഗുരു തന്റെ ദർശനങ്ങൾ പ്രായോഗികമാക്കാൻ പ്രയത്നിച്ചതെങ്ങനെയെന്ന് വിവരിക്കുക.

27 ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം എഴുതുക :

(a) മലയാളത്തിലെ സൈബർസാഹിത്യത്തെക്കുറിച്ച് വിശദീകരിക്കുക.

(b) വർത്തമാനകാലത്ത് നവമാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

(2 × 10 = 20 marks)

745315

626084

**D 120511** **(Pages : 2)** **Name.....................................**

**Reg. No..................................**

## FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2025

(B.A./B.Sc.)

Malayalam

MAL4A10—MALAYALA SAHITHYAM – IV

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 നാരായണഗുരു ഏകാന്തധ്യാനം ചെയ്തത് എവിടെയാണ് ?

2 വ്യർഥാസ്ഥൂലത ഒഴിവാക്കി ശരിയായ രൂപം എഴുതുക :

"പോലീസ് മൊത്തം നാല് വെടിവെച്ചു"

3 ഭാഷണത്തിലെ ഉദ്ഭവസ്ഥാനവും, പ്രാപ്യസ്ഥാനവും ആരൊക്കെയാണ് ?

4 അബ്ദുൾ ലത്തീഫ്, അബ്ദുൾ ജബ്ബാർ എന്നീ പേരുകളുടെ അർത്ഥമെന്താണ് ?

5 യഹോവയുടെ കുത്തകയായിരുന്ന രണ്ടു വിദ്യയും ആദാമിനും ഹവ്വയ്ക്കും സാധിച്ചു. ഏതാണ് രണ്ട് വിദ്യകൾ ?

6 തെറ്റുണ്ടെങ്കിൽ തിരുത്തുക :

"ഒരു കുട്ടിയായാലും ഒരു മുതിർന്ന ആളായാലും തന്റെ കർത്തവ്യം മറക്കരുത്."

7 "എന്താണ് ഉറങ്ങാത്തതെന്ന് രണ്ടു പേരും ചോദിച്ചില്ല. ഉറക്കം വരാത്തതിന്റെ കാരണം രണ്ടുപേർക്കുമറിയാവുന്നതുകൊണ്ടാവാം." സന്ദർഭം വ്യക്തമാക്കുക.

8 "അദ്ദേഹം പൊങ്ങുന്നതിനിടയിൽ വിളിച്ചു പറഞ്ഞു. 'രാമാ' ! കലക്കിക്കുടി." സന്ദർഭം വ്യക്തമാക്കുക.

9 "ഈ നാട്ടിലെ മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും കുടുംബക്കാർക്കും എന്തൊരു പിശുക്കാണ്. " ഏത് കാര്യത്തെക്കുറിച്ചാണ് പറയുന്നത് ?

10 ഏത് കഥയാണ് എഞ്ചിനീയറിംഗ് കോഴ്സിന്റെ കൂടെ പഠിക്കണമെന്ന് ലേഖകൻ നിർദ്ദേശിക്കുന്നത് ?

11 "വാക്കുകളുടെ നൊമ്പരത്തിൽ

നിന്നൊഴിഞ്ഞ്

നിശ്ശബ്ദമായിരിക്കുക"

–കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

12 എച്ചിൽ എന്ന ആത്മകഥയിൽ ലേഖകൻ പറയുന്ന പച്ചയണിഞ്ഞ ഓർമ്മകൾ ഏതൊക്കെയാണ് ?

**Turn over**

626084

626084



13 സുഹ്റയുടെ 'ചെറുക്കാ' എന്ന വിളിയിൽ എന്തൊക്കെ ഭാവങ്ങളാണ് ഒളിഞ്ഞിരിക്കുന്നത് ?

14 വയനാട്ടിലെ അമ്മാൻ നാട്ടുകാർക്കെല്ലാം വേണ്ടപ്പെട്ടവനാകാൻ കാരണമെന്ത് ?

15 "അവനിപ്പോൾ ഒരു വേദന മാത്രമാണ്. അതോ ഒരുപാട് വേദനകളുടെ ഒരു ബിന്ദുവാണോ" ? ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? സന്ദർഭമേത് ?

(2 × 15 = 30 പരമാവധി മാർക്ക് 25)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16 രാമൻ നമ്പൂതിരി എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ?

17 വിഭാഗീയമായ അതിർ വരമ്പുകൾക്ക് അതീതമായി മനുഷ്യർ ഒരേ കുടുംബത്തിലെ അംഗങ്ങളാണ് എന്ന് ശ്രീനാരായണഗുരു വിശ്വസിച്ചിരുന്നു. വിശദമാക്കുക.

18 ആദം ദൈവത്തെ ധിക്കരിക്കാൻ കാരണമെന്ത് ?

19 കണക്കിലെ സംശയം ചോദിക്കാൻ ബ്രിജ്പാൽ മാസ്റ്ററുടെ വീട്ടിലെത്തിയ ഓംപ്രകാശ് വാല്മീകിക്ക് ലഭിച്ച പ്രതികരണം എന്തായിരുന്നു ?

20 അന്നപാനീയങ്ങളിലെ ജനാധിപത്യ വിരുദ്ധതയെ വിശദമാക്കാൻ എം.എൻ. കാരശ്ശേരി പറയുന്ന കഥ ഏതാണ് ?

21 സൗന്ദര്യാത്മക വിദ്യാഭ്യാസം മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഉണ്ടായിരിക്കണമെന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?

22 വ്യഥാസ്ഥൂലത എന്നാൽ എന്ത് ? ഇതൊഴിവാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

23 ആശയവിനിമയത്തിന് ഭാഷമാത്രമല്ല ഉള്ളതെന്ന് പറയാൻ കാരണമെന്ത് ?

(5 × 8 = 40 പരമാവധി മാർക്ക് 35)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 ഒരു ദേശത്തിന്റെ ചിത്രം തന്നെയാണ് അനുഭവങ്ങൾ എന്ന നോവൽ–വിലയിരുത്തുക.

25 അറിവിന്റെ ഫലങ്ങൾ എന്ന ലേഖനത്തിൽ എം. ഗോവിന്ദൻ വെളിപ്പെടുത്തുന്ന വസ്തുതകൾ എന്തെല്ലാമാണ് ?

26 ദളിത് ജീവിതം സവർണ്ണാധിപത്യത്തിന് കീഴിൽ അനുഭവിക്കുന്ന യാതനകൾ എച്ചിൽ എന്ന കൃതിയിൽ കാണാം. വിശദീകരിക്കുക.

27 തീറ്റയിൽ ജനാധിപത്യം എന്ന ലേഖനത്തിൽ എം.എൻ. കാരശ്ശേരി അവതരിപ്പിക്കുന്ന വസ്തുതകൾ എന്തെല്ലാമാണ് ?

(2 × 10 = 20 marks)

626084

**D 103000** **(Pages : 2)** **Name.......................................**

**Reg. No...................................**

**FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024**

Common Course–Malayalam

MAL4A10—MALAYALA SAHITHYAM – IV

(Admission Year : 2019 onwards)

Time : Two Hours and a Half Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 മനുഷ്യരുടെ മധ്യത്തിലേക്ക് നാരായണഗുരു വീണ്ടും ഇറങ്ങി വരാൻ കാരണമെന്ത് ?

2 വ്യഥാസ്ഥൂലത ഒഴിവാക്കി ശരിയായ രൂപം എഴുതുക.

"ആയിരക്കണക്കിന് സായുധഭടന്മാരാണ് കാവൽ നിൽക്കുന്നത്."

3 ഭാഷയും ആശയവിനിമയവും എന്ന ലേഖനം ഏതു ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ? ഗ്രന്ഥകർത്താവിന്റെ പേരെന്ത് ?

4 പേരിന് മുമ്പ് 'കുഞ്ഞി' എന്ന പദം വിശേഷണമായി വരുന്ന രണ്ട് പേരുകൾ എഴുതുക.

5 യഹോവയായ ദൈവം മനുഷ്യരോട് കല്പിച്ചതെന്താണ് ?

6 തെറ്റുണ്ടെങ്കിൽ തിരുത്തുക.

രാമനെ ഒരു പാമ്പു കടിച്ചു.

7 "നിന്റെ തന്ത ആ മൊശകോടൻ പങ്കുണ്ണ്യ രണ്ടാർന്നില്ലേ, ആ ചെറ്റപ്പെറുക്കി, അയാള് സമ്പാദിച്ചുവെച്ചിട്ടൊന്നുല്ലാന്ന് – ആരാണ് ഇങ്ങനെ പറഞ്ഞത് ? ആരോട് ?

8 "താൻ കുടിക്കുന്ന ശുദ്ധജലം തന്നെ രാമനും കുടിച്ചാൽ അവൻ തന്റെ ഒപ്പമായിപ്പോവും എന്ന കുശുമ്പാണിത്"–ആർക്കാണ് ഇങ്ങനെ തോന്നിയത് ? സന്ദർഭമേത് ?

9 കേരളീയരുടെ അമിത മദ്യപാനശീലത്തിന് ഈ ആത്മവഞ്ചനാസ്വഭാവം കൂടി കാരണമായിത്തീർന്നിട്ടുണ്ടോ ? ലേഖകൻ എന്തിനെക്കുറിച്ചാണ് പറയുന്നത് ?

10 മെഡിക്കൽ വിദ്യാഭ്യാസം മാതൃഭാഷയിലാക്കണമെന്ന് പറയാൻ കാരണമെന്ത് ?

11 "ലോകത്തിന്റെ മേൽക്കൂരയിൽ നീ

മഴയായി പെയ്യു"–എന്താണത് ?

12 "അത് മാപ്പില്ലാത്ത കുറ്റമാണ് അവരുടെ കണ്ണിൽ"–ആരുടെ കണ്ണിൽ ? എന്താണ് കുറ്റം ?

13 ജാതി പരീക്ഷകളിൽ പോലും കടന്നു വന്നിരുന്നു എന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?

**Turn over**

14 ആർ.ഇ.ആഷർ. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ബഷീർ കൃതികൾ ഏതൊക്കെയാണ് ?

15 'പാമ്പു പോയിട്ട് ഒരുറുമ്പുപോലും കടിക്കുന്നില്ല. വല്ലാത്തൊരായുസ്സ് "—ആരാണ് ഇങ്ങനെ ചിന്തിക്കുന്നത് ? കാരണമെന്ത് ?

(2 × 15 = 30 പരമാവധി മാർക്ക് 25)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16 അധികാരി നമ്പൂതിരിയുടെ ഇല്ലത്ത് നെല്ല് കടം വാങ്ങാൻ പോയ ഗോപിക്കും അമ്മയ്ക്കും ഉണ്ടായ അനുഭവമെന്താണ് ?

17 ജാതിമത വ്യത്യാസമില്ലാതെയാണ് ശ്രീനാരായണഗുരു എല്ലാവരുടെയും കൂടെ കഴിഞ്ഞത് –വിശദീകരിക്കുക.

18 ആദം രണ്ട് തരത്തിൽ ഉത്പാദകനായി—വിശദമാക്കുക.

19 ബ്രിജ്പാൽ എന്ന അദ്ധ്യാപകന്റെ വീട്ടിൽ വച്ച് ഭക്ഷണം കഴിച്ചതിന് ശേഷം ഓംപ്രകാശ് വാല്മീകിയ്ക്കുണ്ടായ അനുഭവങ്ങൾ എന്തൊക്കെയാണ് ?

20 ഭക്ഷണത്തിന്റെ കാര്യത്തിൽ പലതരം വിധി വിലക്കുകളുണ്ട് –വിശദീകരിക്കുക.

21 സാഹിത്യത്തിനും കലയ്ക്കും വിദ്യാഭ്യാസത്തിൽ വലിയ പങ്കുണ്ടെന്ന് പി. പവിത്രൻ പറയാൻ കാരണമെന്ത് ?

22 തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്റെ പേരും വിളിക്കുന്നത് കേട്ട് ഗോപി സന്തോഷം കൊണ്ട് ഞെട്ടിപ്പോയി—എന്താണ് കാരണം ?

23 വ്യാജസൂചനകൾ എന്ന കവിത ആത്മീയമാകുന്ന പ്രണയത്തെയാണ് പുൽകുന്നത്. വിശദമാക്കുക.

(5 × 8 = 40 പരമാവധി മാർക്ക് 35)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 വിശപ്പിൽ നിന്നും അവഹേളനങ്ങളിൽ നിന്നുമുള്ള മോചനമാണ് ഗോപിക്ക് പട്ടാളത്തിൽ ലഭിച്ച ജോലി —വിവരിക്കുക.

25 ദൈവത്തെ ധിക്കരിച്ചതിലൂടെ സ്വർഗ്ഗത്തിലെ ഏകശാസന ക്രമത്തിൽ നിന്ന് ആദവും ഹവ്വയും സ്വതന്ത്രരായി—വിലയിരുത്തുക.

26 എതിർക്കാനോ, തിരുത്താനോ കഴിയാതെ സഹനത്തോടെ ജീവിച്ചവരുടെ നേരനുഭവങ്ങളാണ് എച്ചിൽ എന്ന കൃതി—വിശദമാക്കുക.

27 മനുഷ്യരെല്ലാം സഹോദരങ്ങളാണ് എന്ന വിശ്വാസത്തെ ശ്രീനാരായണഗുരു പ്രായോഗികമാക്കിയതെങ്ങനെയാണ് ? വിവരിക്കുക.

(2 × 10 = 20 marks)

**366279**

**C 41169** **(Pages : 2)** **Name.......................................**

**Reg. No...................................**

## FOURTH SEMESTER (CBCSS–UG) DEGREE EXAMINATION
## APRIL 2023

Malayalam

MAL 4A 10—MALAYALA SAHITHYAM – IV

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

### Section A

I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

1 നന്തനാർ എന്ന തൂലികാനാമധാരിയുടെ യഥാർത്ഥ പേരെഴുതുക.

2 'തായ്മൊഴി' എന്ന ഭാഷാശാസ്ത്ര ഗ്രന്ഥം രചിച്ചതാര് ?

3 'മരണത്തെ സ്നേഹിച്ചു കൊണ്ടു ജീവിക്കുക ! ജീവിതത്തെ വെറുത്തു കൊണ്ടു ജീവിക്കുക !' ഏത് കഥാപാത്രമാണ് ഇപ്രകാരം ചിന്തിക്കുന്ത് ? കൃതിയുടെ പേരെന്ത് ?

4 സന്ദേശം കടന്നു പോകുന്ന മാധ്യമത്തിന് പറയുന്ന പേരെന്ത് ?

5 പൗനരുക്ത്യം എത്രവിധം ? ഏതെല്ലാം ?

6 വിമ്മിഷ്ടം, സ്വര്യം എന്നീ പദങ്ങളുടെ ശരിയായ രൂപങ്ങൾ എഴുതുക.

7 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പാഠപുസ്തകമെന്ന നിലയിൽ പി. പവിത്രൻ നിർദ്ദേശിക്കുന്ന ബഷീറിന്റെ കൃതിയേത് ?

8 പ്രഥമദർശനത്തിൽ കെ.പി. ശങ്കരനെ വിഭ്രമിപ്പിച്ച വിശ്രുതമായ ചലച്ചിത്ര പരിഭാഷയേതാണ് ?

9 റൂമിയുടെ 10 കവിതകളുടെ മലയാള പരിഭാഷ നടത്തിയതാര് ?

10 ഇന്ത്യൻ ദളിത് സാഹിത്യത്തിലെ പ്രധാനകൃതിയായ 'ജൂഠൻ' രചിച്ചതാര് ? ഈ കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

11 'ഒസ്യത്ത്' എന്ന നാടകം രചിച്ചതാര് ?

12 'സുരയ്യ' എന്ന നാമപദം കൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

13 'ബഷീർ : ഏകാന്ത വീഥിയിലെ അവധൂതൻ' എന്ന കൃതി രചിച്ചതാര് ?

14 അംഗചലനങ്ങളാൽ ആശയ വിനിമയം നടത്തുന്ന പഠനശാഖയുടെ പേരെന്ത് ?

15 'മലയാള ഗദ്യത്തിൽ അനാവശ്യമായി 'ഒരു' കടന്നു കൂടിയത് ഇംഗ്ലീഷിന്റെ പ്രേരണ കൊണ്ടാണ് ' ഇങ്ങനെ പ്രസ്താവിച്ചതാര് ?

(25 marks)

**Turn over**

**366279**

366279



## Section B

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16 മലയാളത്തിലെ സമുച്ചയ പ്രയോഗത്തിലെ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

17 ഭക്ഷണത്തിന്റെ ജനാധിപത്യത്തെക്കുറിച്ചുള്ള ലേഖകന്റെ നിലപാടെന്ത് ?

18 മലയാളിയുടെ കപടനാട്യത്തെക്കുറിച്ചുള്ള കാരശ്ശേരിയുടെ നിരീക്ഷണങ്ങൾ വിലയിരുത്തുക.

19 എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സാഹിത്യവും കലയും പഠനവിഷമമായി ഉൾപ്പെടുത്തണം എന്ന് പി. പവിത്രൻ അഭിപ്രായപ്പെടാനുള്ള കാരണമെന്ത് ?

20 'വ്യാജസൂചനകൾ' എന്ന കവിതാവിവർത്തനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

21 ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യം സ്വാതന്ത്ര്യത്തിന്റെ ഉത്പത്തിയെ സൂചിപ്പിക്കുന്നുവെന്ന് എം. ഗോവിന്ദൻ പറയുന്നതെന്തു കൊണ്ട് ?

22 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' ഈ തത്വം ഗുരു എങ്ങനെയാണ് ജീവിതത്തിൽ പാലിച്ചത് ?

23 താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.

(i) അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും പലയിടത്തും പൊതു പ്രവർത്തന ശൈലിയായി മാറിത്തുടങ്ങിയിരിക്കയാണ്.

(ii) മരം ഒടിഞ്ഞു വീണതിനു ശേഷം ഒരാഴ്ച കഴിഞ്ഞാണ് വാഹന ഗതാഗതം പുനഃസ്ഥാപിച്ചത്.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 അമ്പതുകളിലെ കേരളത്തിലെ മധ്യവർഗ്ഗ ജീവിതം ചിത്രീകരിക്കുന്ന നോവലാണ് 'അനുഭവങ്ങൾ' പരിശോധിക്കുക.

25 ഭാഷയിലെ ആശയവിനിമയത്തെ സംബന്ധിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

26 വ്യക്തിനാമങ്ങളുടെ വിവിധഗണങ്ങളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.

27 ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം എഴുതുക :

(i) മാധ്യമങ്ങളും സമൂഹവും.

(i) സമകാലിക സ്ത്രീ മുന്നേറ്റം.

($2 \times 10 = 20$ marks)

366279

172377

C 21490 (Pages : 2) Name.......................................

Reg. No...................................

# FOURTH SEMESTER (CBCSS–UG) DEGREE EXAMINATION APRIL 2022

Malayalam

MAL 4A 10—MALAYALA SAHITHYAM – IV

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക.

1. നാട്ടറിവും നാമപഠനവും ആരുടെ കൃതിയാണ് ?
2. ആശയ വിനിമയ പ്രക്രിയയിൽ ഉൾപ്പെടുന്ന രണ്ട് പ്രധാന ഘടകങ്ങൾ ഏതൊക്കെ ?
3. ലിപ്യന്തരണം എന്നാലെന്ത് ?
4. പൗനരുക്ത്യം എന്നാലെന്ത് ? ഉദാഹരിക്കുക.
5. അംഗവിക്ഷേപ ശാസ്ത്രം എന്തിനെ സൂചിപ്പിക്കുന്നു ?
6. സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി വാദിച്ച ജർമൻ ചിന്തകൻ ആര് ? കൃതിയേത് ?
7. സ്രോതഭാഷ, ലക്ഷ്യഭാഷ–ഇവ നിർവചിക്കുക.
8. മലയാളത്തിൽ വിവർത്തനം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന മറ്റ് വാക്കുകൾ പരിചയപ്പെടുത്തുക.
9. റൂബായിയാത്ത് ആരുടെ കൃതിയാണ് ?
10. റൂമിയുടെ രണ്ട് ബൃഹദ് സമാഹാരങ്ങളുടെ പേരെഴുതുക.
11. മാത്യു അർണോൾഡിന്റെ പ്രസിദ്ധമായ വിവർത്തന സിദ്ധാന്തം ഏത് ?
12. ആശയ വിനിമയത്തിനുതകുന്ന ഭാഷേതര ഘടകങ്ങൾ ഏതെല്ലാം?
13. ഫൽഗുനൻ എന്ന പേരിന്റെ യുക്തി ലേഖകൻ വിശദീകരിക്കുന്നതെങ്ങനെ ?
14. ഭക്ഷണത്തിലെ ജനാധിപത്യത്തിന്റെ അടിസ്ഥാനമെന്ത് ?
15. ഓപ്രകാശ് വാല്മീകിയെ അക്ഷരങ്ങളുടെ ലോകത്തേക്ക് നയിച്ചത് ആരായിരുന്നു ?

(10 × 3 = 30 marks)

**Turn over**

172377

172377



## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. പത്രഭാഷയിലെ കർമ്മണി പ്രയോഗത്തെ കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത് ?
17. മനുഷ്യ വിഭാഗങ്ങൾക്ക് പരസ്പരം സഹകരിക്കാൻ പറ്റുന്ന സാഹചര്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഗുരു ചൂണ്ടിക്കാണിച്ചതെങ്ങനെ ?
18. അവിവർത്തനീയത എന്നാൽ എന്ത് ?
19. ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യം സാമൂഹിക പ്രാധാന്യമുള്ളതാകുന്നതെങ്ങനെ ?
20. 'ആരോഗ്യ നികേതനം' എന്ന താരാശങ്കർ ബാനർജിയുടെ നോവൽ എം.ബി.ബി.എസ്. കോഴ്സിന്റെ ഭാഗമാക്കണം. ഡോ. പി. പവിത്രൻ ഇപ്രകാരം അഭിപ്രായപ്പെടുന്നതിന്റെ അടിസ്ഥാനമെന്ത് ?
21. വ്യക്തിനാമങ്ങളുടെ വിവിധ ഗണങ്ങൾ ഏതെല്ലാം ?
22. കവിതാ വിവർത്തനത്തിന്റെ വെല്ലുവിളികൾ എന്തെല്ലാം ?
23. മലയാളിയുടെ ഭംഗികെട്ട സാംസ്കാരിക കാപട്യത്തെ എം. എൻ. കാശ്ശേരി പരിഹസിക്കുന്നതെങ്ങനെ ?

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. വിവേചനങ്ങൾ നിറഞ്ഞ ജീവിതാനുഭവങ്ങളാണ് എച്ചിൽ എന്ന ആത്മകഥയിൽ ഓപ്രകാശ് വാല്മീകി രേഖപ്പെടുത്തുന്നത് – വിശദീകരിക്കുക.
25. ഒറ്റപ്പെടലിന്റെയും ദാരിദ്ര്യത്തിന്റെയും ആഖ്യാനമായി നന്ദനാരുടെ അനുഭവങ്ങൾ മാറുന്നതെങ്ങനെ ? നിരൂപിക്കുക.
26. "വേണ്ടത് സൗന്ദര്യാത്മക വിദ്യാഭ്യാസം"–വിലയിരുത്തുക.
27. ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം തയ്യാറാക്കുക.

    (1) പ്രണയവും പ്രതികാരവും.

    (2) മാലിന്യ സംസ്കരണം – സാധ്യതകളും വെല്ലുവിളികളും.

(2 × 10 = 20 marks)

172377

**C 3488** (Pages : 3) Name.............................

Reg. No.............................

FAROOK ARTS & SCIENCE COLLEGE KOTTAKKAL LIBRARY P.O. PARAPPUR PIN: 676 503

# FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam

MAL 4A 10—MALAYALA SAHITHYAM IV

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

1 ആരുടെ ആത്മകഥയാണ് ജൂഠൻ ?

2 'വിലാസലഹരി' ഏതു കൃതിയുടെ മലയാള പരിഭാഷയാണ് ?

3 മൂലകൃതി അകത്തൊതുക്കുന്ന അപൂർവതലങ്ങൾ ചലച്ചിത്രത്തിന് അപ്രാപ്യമായിരിക്കുന്നു. ഏതു ചലച്ചിത്ര പരിഭാഷയെക്കുറിച്ചാണ് കെ.പി. ശങ്കരൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത് ?

4 മൗലാനാ ജലാലുദ്ദീൻ റൂമി ഏതു തത്ത്വചിന്താപദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

5 'മലയാള സാഹിത്യനായകൻമാർ' എന്ന കൃതി ആരാണു രചിച്ചത് ?

6 ജാള്യത, അപകർഷതാബോധം എന്നീ പ്രയോഗങ്ങളുടെ ഉചിതരൂപം എഴുതുക.

7 നന്തനാർ എന്ന നോവലിസ്റ്റിന്റെ യഥാർത്ഥ പേരെന്ത് ?

8 നന്തനാരുടെ ഏതു കൃതിക്കാണ് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ?

9 വിസങ്കേതം, ആദായി എന്നിവ എന്താണ് ?

10 എം. ഗോവിന്ദൻ രചിച്ച നാടകമേത് ?

11 വൈദ്യമാനസികശാസ്ത്രം (മെഡിക്കൽ ഹ്യൂമാനിറ്റീസ് ) ലക്ഷ്യമാക്കുന്നതെന്ത് ?

12 ജനിച്ച ആഴ്ചയുടെ പേര് വ്യക്തിനാമമായി സ്വീകരിക്കുന്ന പതിവുണ്ട്. രണ്ട് ഉദാഹരണങ്ങളെഴുതുക.

13 സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ചിഹ്നങ്ങളിൽ വ്യതിയാനം സംഭവിക്കാതെ ഏറ്റവും കുറഞ്ഞ സങ്കേത ചിഹ്നങ്ങൾ ഉപയോഗിച്ച് വേഗത്തിൽ ആശയവിനിമയം നടത്തുന്നതിനുള്ള ഭാഷാ പഠനമാർഗ്ഗം ഏതു പേരിൽ അറിയപ്പെടുന്നു ?

14 മൗലാനാ ജലാലുദ്ദീൻ റൂമിയെ സൂഫി ജീവിത പദ്ധതിയിലേക്ക് നയിച്ച സൂഫി സന്ന്യാസിയുടെ പേരെന്ത് ?

15 'അവനിപ്പോൾ ഒരു വേദന മാത്രമാണ്. അതോ ഒരുപാടു വേദനകളുടെ ബിന്ദുവാണോ ? ഈ പരാമർശം ആരെക്കുറിച്ചാണ് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16 മനുഷ്യ സമുദായത്തിലെ ഗൗരവപൂർണ്ണമായ ചടങ്ങാണ് നാമകരണം. വിശദമാക്കുക.

17 ആശയവിനിമയ പ്രക്രിയയിലെ അഞ്ചു ഘടകങ്ങളേതെല്ലാം ?

18 ഭക്ഷണത്തിലെ ജനാധിപത്യവൽക്കരണമെന്ന നിലപാട് എം.എൻ. കാരശ്ശേരി വ്യക്തമാക്കുന്നതെങ്ങനെ ?

19 'കൃതി എത്രമാത്രം സർഗ്ഗാത്മകണോ ആ അനുപാതത്തിൽ അതിന്റെ വിവർത്തനം അപര്യാപ്തമാവാൻ വിധിക്കപ്പെട്ടിരിക്കുന്നു.' ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ? ഇക്കാര്യം ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

20 ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യം സാമൂഹിക പ്രാധാന്യമുള്ളതാണ്. വിശദമാക്കുക.

21 ശാസ്ത്രവിദ്യാഭ്യാസം സൗന്ദര്യാത്മകമാകണം എന്ന അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

22 'അനുഭവങ്ങൾ' എന്ന നോവലിൽ നിന്നു വ്യക്തമാകുന്ന സാമൂഹിക ജീവിതസാഹചര്യങ്ങൾ വിശകലനം ചെയ്യുക.

23 ഭാഷാപ്രയോഗത്തിലെ വ്യഥാസ്ഥൂലത പത്രഭാഷയിൽ സൃഷ്ടിക്കുന്ന വൈകല്യങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 വിശപ്പിനു മുന്നിൽ നിസ്സഹായരായ മനുഷ്യരുടെ ജീവിതാഖ്യാനമാണ് 'അനുഭവങ്ങൾ' എന്ന നോവൽ വിലയിരുത്തുക.

25 ജാതിയുടെ പേരിൽ ഭാരതത്തിൽ നിലനിന്നിരുന്ന നിന്ദ്യവും ക്രൂരവുമായ വിവേചനങ്ങളുടെ സാക്ഷ്യപ്പെടുത്തലുകൾ ഉൾക്കൊള്ളുന്ന ആത്മകഥയാണ് 'എച്ചിൽ'. ഈ അഭിപ്രായം പരിശോധിക്കുക.

26 ജീവിതത്തിന്റെ അഖണ്ഡതയെക്കുറിച്ചുള്ള ബോധം വിഭാഗീയതകൾക്ക് അതീതമായ മനുഷ്യദർശനമായി ശ്രീനാരായണഗുരുവിൽ പ്രകാശിച്ചിരുന്നു. വിശദമാക്കുക.

27 ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ലേഖനം എഴുതുക :

(a) പ്രവാസം മലയാളി സമൂഹത്തിൽ സൃഷ്ടിച്ച മാറ്റങ്ങൾ.

(b) കോവിഡ് അനന്തരകാലത്ത് ഉന്നത വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ.

(2 × 10 = 20 marks)